മലയാള മനോരമ

30 September 2026

ജൈവവൈവിധ്യം പഠിക്കാൻ കായൽ യാത്ര

▸▸ യാത്ര 'ഫിഷ് വോക്' പരിപാടിയുടെ ഭാഗമായി

കൊച്ചി● വേമ്പനാട്ടു കായലിന്റെ ജൈവവൈവിധ്യവും ആവാസവ്യവസ്ഥ നേരിടുന്ന വെല്ലുവിളികളും അടുത്തറിയാൻ അവസരമൊരുക്കി സിഎംഎഫ്ആർഐ കായൽ യാത്ര സംഘടിപ്പിച്ചു. മറീൻ ഡ്രൈവിൽ നിന്നു തുടങ്ങി പതിനഞ്ചോളം ചെറുദ്വീപുകൾ ചുറ്റി കടമക്കുടിയിലെത്തിയ യാത്രയിൽ വിദ്യാർഥികൾ, പരിസ്ഥിതി പ്രവർത്തകർ, ടൂറിസം പ്രഫഷനലുകൾ, അധ്യാപകർ, ഗവേഷകർ എന്നിവർ പങ്കെടുത്തു.

വിവിധ മത്സ്യമേഖലകളിലൂടെ സഞ്ചരിച്ച് ജനങ്ങൾക്ക് ശാസ്ത്ര വിജ്ഞാനം പകരുകയെന്ന ലക്ഷ്യത്തിൽ സിഎംഎഫ്ആർഐ നടപ്പാക്കുന്ന 'ഫിഷ് വോക്' പരിപാടിയുടെ ഭാഗമായിരുന്നു യാത്ര. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് ഫ്ലാഗ് ഓഫ് ചെയ്തു. കുറുങ്കോട്ട ദ്വീപിലെ 100 വർഷത്തോളം പഴക്കമുള്ള കണ്ടലുകളും പിഴലയിലെ പൊക്കാളി പാടങ്ങളും യാത്രയുടെ പ്രധാന ആകർഷണമായി.

കാലാവസ്ഥാ വ്യതിയാനത്തിൽ തീരമേഖലയ്ക്കുണ്ടാകുന്ന മാറ്റങ്ങൾ, മത്സ്യസമ്പത്ത്, കക്കവർഗങ്ങൾ, പരമ്പരാഗത ജീവനോപാധികൾ, കൂടുമത്സ്യകൃഷി, കാലാവസ്ഥാ വ്യതിയാനം, മലിനീകരണം തുടങ്ങിയ വിഷയങ്ങൾ ശാസ്ത്രജ്ഞർ വിശദീകരിച്ചു നൽകി.

സ്വച്ഛതാ പ്രചാരണത്തിന്റെ ഭാഗമായി, പ്ലാസ്റ്റിക് ഉൾപ്പെടെ മാലിന്യങ്ങൾ ശേഖരിച്ചു കായലോരങ്ങൾ ശുചിയാക്കി. കടമക്കുടി പൊക്കാളി കൃഷിയിടത്തിൽ ടോണി ചമ്മണി എംഎൽഎ, പഞ്ചായത്ത് പ്രസിഡന്റ് എം.എസ്.ആന്റണി എന്നിവർ യാത്രാസംഘവുമായി സംവദിച്ചു.

കൊച്ചിയിൽ വേമ്പനാട് ജൈവവൈവിധ്യം പഠിക്കാൻ സിഎംഎഫ്ആർഐ സംഘടിപ്പിച്ച കായൽ യാത്ര ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് ഫ്ലാഗ് ഓഫ് ചെയ്യുന്നു.